## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 958 | 10.02.2016-ലെ മറുപടിക്ക്

### സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി സങ്കേതങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാതയുടെ നിർമ്മാണം<br>2. ആശയവിനിമയ സൗകര്യം<br>3. ഡ്രെയിനേജ് സൗകര്യങ്ങൾ<br>4. കുടിവെള്ള പദ്ധതികൾ<br>5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സാനിറ്റേഷൻ<br>7. മാലിന്യ നിർമ്മാർജ്ജനം<br>8. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ /കളിസ്ഥലം മുതലായവ<br>9. സ്ഥലം വികസിപ്പിക്കൽ / സംരക്ഷണഭിത്തി നിർമ്മാണം<br>10. സോളാർ തെരുവു വിളക്ക്<br>11. ഭവനപുനരുദ്ധാരണം<br>12 അടുക്കളത്തോട്ടം<br>13 വരുമാനദായക പദ്ധതി/ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിങ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി)<br>.കോളനിയിലേയ്ക്ക് ആവശ്യമായിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ (2012-13) ഒന്നാം ഘട്ടത്തിൽ 113 കോളനികളിലും (2013-14) രണ്ടാം ഘട്ടത്തിൽ 102 കോളനികളിലും ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ നിരക്കിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ കോളനിയുടെയും പ്രവർത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ / എം.പി (ചെയർമാൻ), വാർഡ് മെമ്പർ, എസ്.സി പ്രമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും ഒരു പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മറ്റി, അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ